**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കരുനാഗപ്പള്ളി നഗരസഭ - ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 8 ജീവനക്കാരുടെ സേവന കാലാവധി 179 ദിവസത്തേയ്ക്കു കൂടി ദീർഘിപ്പിക്കുന്നതിനും 20 ജീവനക്കാരെ അധികമായി 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 3137/2016/തസ്വഭവ തിരുവനന്തപുരം, തീയതി : 19/11/2016

പരാമർശം : 1) 08/02/2016 തീയതിയിലെ സ.ഉ.(സാധാ) നം.511/2016/തസ്വഭവ.
2) കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴ്സന്റെ 01/08/2016 ലെ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 17/10/2016 തീയതിയിലെ ഇ 2-22596/16 നമ്പർ കത്ത്.

## ഉത്തരവ്

കരുനാഗപ്പള്ളി നഗരസഭയുടെ ദൈനംദിന പ്രവർത്തനം സുഗമമാക്കുന്നതിന് ക്ളറിക്കൽ തസ്തികയിൽ 3 ജീവനക്കാരെയും, ശുചീകരണ പ്രവർത്തനങ്ങൾക്കായി 5 ജീവനക്കാരെയും 6 മാസത്തേയ്ക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകുന്നു. ക്ളറിക്കൽ തസ്തികയിലെ ജീവനക്കാരുടെ സേവനകാലാവധി 2017 ജനുവരിയിൽ അവസാനിക്കുന്നതിനാലും ശുചീകരണ തൊഴിലാളികളുടെ സേവനകാലാവധി ഈ വർഷം സെപ്റ്റംബർ മാസത്തിൽ അവസാനിച്ചതിനാലും ഇവരുടെ സേവനകാലാവധി വീണ്ടും 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കണമെന്നും, രണ്ടാം ഗ്രേഡ് മുൻസിപ്പാലിറ്റിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചു ലഭിക്കുന്നതുവരെ 2016-17 ലേയ്ക്കുള്ള തൻവർഷ നികുതിയും കുടിശ്ശിക നികുതിയും പിരിക്കുന്നതിലേയ്ക്ക് അധികമായി 5 ക്ളാർക്കുമാരെയും, തെരുവുകളിലെ ദൈനംദിന മാലിന്യം നീക്കം ചെയ്യുന്നതിന് 15 ശുചീകരണ തൊഴിലാളികളെയും അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് നഗരസഭാ ചെയർപേഴ്സൺ സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ സർക്കാർ പരിഗണിക്കണമെന്ന് നഗരകാര്യ ഡയറക്ടർ സൂചന (3) പ്രകാരം ശുപാർശയും ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവ് സഹിതം വിശദമായി പരിശോധിച്ചു. നഗരസഭാ ചെയർപെഴ്സന്റെ കത്തും നഗരകാര്യ ഡയറക്ടറുടെ

ശുപാർശയും പരിഗണിച്ച് കരുനാഗപ്പള്ളി നഗരസഭയുടെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന 3 ക്ളാർക്കുമാരുടെയും 5 ശുചീകരണ തൊഴിലാളികളുടെയും സേവനകാലാവധി തീരുന്ന മുറയ്ക്ക്, ഇവരുടെ സേവനകാലാവധി വീണ്ടും 179 ദിവസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിനും, 2016-17 ലേയ്ക്കുള്ള തൻവർഷ നികുതിയും കുടിശ്ശിക നികുതിയും പിരിക്കുന്നതിലേയ്ക്ക് അധികമായി 5 ക്ളാർക്കുമാരെയും, തെരുവുകളിലെ ദൈനംദിന മാലിന്യം നീക്കം ചെയ്യുന്നതിന് 15 ശുചീകരണ തൊഴിലാളികളെയും 179 ദിവസത്തേക്ക് താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

3. മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അബ്ദുൽ കലാം.എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർപേഴ്സൺ, കരുനാഗപ്പള്ളി നഗരസഭ
സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ